KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No. 220/PR/PIC/PHQ/18 Date 26.08.2018

**പോലീസിന്റേത് അഭിമാനാർഹമായ പ്രവർത്തനം, പുനരധിവാസത്തിലും പോലീസിന് മുഖ്യ പങ്ക് – മുഖ്യമന്ത്രി**

പ്രളയം നേരിടുന്നതിൽ പോലീസ് കാണിച്ച ശുഷ്കാന്തിയും സേവനസന്നദ്ധതയും അങ്ങേയറ്റം പ്രശംസനീയവും അഭിമാനകരവുമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പുനരധിവാസപ്രവർത്തനങ്ങൾ സംബന്ധിച്ച് പോലീസ് ആസ്ഥാനത്ത് ജില്ലാ പോലീസ് മേധാവി മുതൽ ഉന്നത പോലീസ് ഉദ്യോഗസ്ഥർ വരെയുള്ളവരുമായി നടത്തിയ വീഡിയോ കോൺഫറൻസിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പോലീസും ഫയർഫോഴ്സും, എക്സൈസ് വകുപ്പും പ്രത്യേക രീതിയിൽ ജയിൽ വകുപ്പുമെല്ലാം മികച്ച രീതിയിൽ പ്രവർത്തിച്ചു. സൈനിക വിഭാഗങ്ങളുടെ പങ്കിനെപ്പോലെ ഉയർന്ന് നിൽക്കുന്നതാണ് പോലീസിന്റെ രക്ഷാദൗത്യം. പ്രളയബാധിത പ്രദേശങ്ങളിൽ പൊതുചുമതല കളക്ടർമാർക്കായിരുന്നെങ്കിലും രക്ഷാപ്രവർത്തനത്തിന്റെ ചുമതല പോലീസിനായിരുന്നു. ആ ചുമതല മികച്ച രീതിയിൽ നിർവ്വഹിക്കാൻ പോലീസിന് കഴിഞ്ഞു.

കമ്മ്യൂണിക്കേഷൻ ശൃംഖലകൾ തകരാറിലായപ്പോൾ വാർത്താവിനിമയം പുനഃസ്ഥാപിച്ചത് പോലീസിന്റെ സംവിധാനങ്ങൾ വഴിയാണ്. അവലോകന യോഗങ്ങളിൽ കൃത്യമായ വിവരം നൽകാൻ ഇന്റലിജൻസിനായത് പ്ലാനിങ്ങിന് ഏറെ സഹായിച്ചു. കോസ്റ്റൽ പോലീസുൾപ്പെടെ പോലീസിന്റെ എല്ലാ വിഭാഗങ്ങളും നല്ല നിലയിൽ പ്രവർത്തിച്ചു. ദുരിതബാധിതർക്ക് അവശ്യസാധനങ്ങൾ ശേഖരിക്കുന്നതിനും ദുരിതാശ്വാസക്യാമ്പുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ഇക്കാലത്തെ ക്രമസമാധാന പ്രശ്നങ്ങളില്ലാതെ നോക്കുന്നതിനും പോലീസിന് കഴിഞ്ഞു. രക്ഷാപ്രവർത്തനത്തിൽ നേരിട്ട് ഇടപെടുക മാത്രമല്ല മത്സ്യത്തൊഴിലാളികളെ എത്തിക്കുന്നതിലും പോലീസ് വലിയ പങ്കാണ് വഹിച്ചത്.

ഇത് പോലീസിനെക്കുറിച്ചുള്ള ധാരണയിലും വലിയ മാറ്റമാണ് വരുത്തിയിരിക്കുന്നത്. പൂർണമായും ജനമൈത്രി പോലീസ് എന്ന ധാരണ ജനങ്ങളിലുണ്ടാക്കാൻ ഈ പ്രവർത്തനം വഴിയൊരുക്കി. ഇത് പോലീസിന്റെ അന്തസ്സുയർത്തിയിരിക്കുന്നു.

പുനരധിവാസത്തിലും ശുചീകരണത്തിലും ഈ പങ്ക് തുടരണം. ലോകത്തന്റെ ഏല്ലാ ഭാഗത്തുനിന്നും വലിയ സഹായങ്ങൾ ലഭിക്കുന്നുണ്ട്. എല്ലാവരുടേയും കൂട്ടായ്മയിലൂടെ പുതിയ

കേരളം സൃഷ്ടിക്കുകയാണ് ലക്ഷ്യം. അതിൽ വലിയ പങ്ക് വഹിക്കാനുള്ള വിഭാഗമാണ് കേരള പോലീസ് . അത് തിരിച്ചറിഞ്ഞുകൊണ്ട് പോലീസ് സംവിധാനത്തെ ആകെ സജ്ജമാക്കാനും കൂടുതൽ ഉയരങ്ങളിലേയ്ക്ക് എത്തിക്കാനും കഴിയണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ദുരന്തവേളകൾ കൈകാര്യം ചെയ്യാനുള്ള വിഭവങ്ങൾ, സാധന സാമഗ്രികൾ തുടങ്ങി പലതരം പരിമിതികൾ പരിഹരിക്കാനുള്ള ശ്രമം തുടർന്നുണ്ടാകണം.

ദുരിതാശ്വാസത്തിന് അനധികൃതമായ ഫണ്ട് പിരിവിനോടുള്ള കാര്യങ്ങൾ പോലീസ് കർശനമായി തടയണം. 29 ന് സ്കൂളുകൾ തുറക്കുന്നത് സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും മുഖ്യമന്ത്രി നിർദേശം നല്കി.

പ്രളയത്തിന്റെ ഭാഗമായി അടിഞ്ഞുകൂടിയ പാഴ്വസ്തുക്കൾ ജലാശയങ്ങളിലേയ്ക്കും നദികളിലേയ്ക്കും വലിച്ചെറിയുന്നത് കർശനമായി തടയണമെന്ന് ചീഫ് സെക്രട്ടറി ടോംജോസ് നിർദ്ദേശം നൽകി.

ആമുഖമായി സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ റിപ്പോർട്ട് അവതരിപ്പിച്ചു. ആഭ്യന്തര സെക്രട്ടറി സുബ്രതോ ബിശ്വാസ്, മുഖ്യമന്ത്രിയുടെ പോലീസ് ഉപദേഷ്ടാവ് രമൺശ്രീവാസ്തവ, പ്രൈവറ്റ് സെക്രട്ടറി എം വി ജയരാജൻ മറ്റ് ഉന്നത പോലീസ് ഉദ്യോഗസ്ഥർ എന്നിവരും പങ്കെടുത്തു.

ഫോട്ടോ ക്യാപ്ഷൻ : പോലീസ് ആസ്ഥാനത്ത് മുഖ്യമന്ത്രി പിണറായി വിജയൻ പോലീസ് ഉദ്യോഗസ്ഥരുമായി നടത്തിയ വീഡിയോ കോൺഫറൻസിൽ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ, ചീഫ് സെക്രട്ടറി ടോംജോസ് , ആഭ്യന്തര സെക്രട്ടറി സുബ്രതോ ബിശ്വാസ്, മുഖ്യമന്ത്രിയുടെ പോലീസ് ഉപദേഷ്ടാവ് രമൺശ്രീവാസ്തവ, പ്രൈവറ്റ് സെക്രട്ടറി എം വി ജയരാജൻ മറ്റ് ഉന്നത പോലീസ് ഉദ്യോഗസ്ഥരും പങ്കെടുത്തപ്പോൾ.

***************